


ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
13 MARCH 2024 | VOL 03 | ISSUE 072 | 771

# ജരൻവാല: ക്രിസ്ത്യാനികൾ കുറ്റക്കാരല്ലെന്ന് പാക്കിസ്ഥാൻ കോടതി

**ലാഹോർ:** 24 പള്ളികളും ഒട്ടേറെ ക്രൈസ്തവഭവന ങ്ങളും ചുട്ടെരിക്കപ്പെട്ട ജരൻവാല കലാപത്തിനു കാരണക്കാരെന്ന് ആരോപിക്കപ്പെട്ട ക്രൈസ്തവ സഹോദരങ്ങളെ പാക്കിസ്ഥാൻ കോടതി കുറ്റവിമുക്തരാക്കി.

ഉമർ സലീം (റോക്കി), ഉമെയ്ർ സലീം (രാജ) സഹോദരങ്ങളോട് മുസ്‌ലിംകൾ വ്യക്തിവി രോധം തീർക്കുകയായിരുന്നുവെന്ന് ഫൈസലാബാദിലെ തീവ്രവാദവിരുദ്ധ കോടതി കണ്ടെത്തി.
2023 ഓഗസ്റ്റ് 16നാണ് ലാഹോറിൽനിന്ന് 130 കിലോമീറ്റർ അകലെയുള്ള ജരൻവാലയിൽ ക്രൈസ്തവരെ ജനക്കൂട്ടം ആക്രമിച്ചത്. ഖുറാൻ താളുകൾ കീറിയ നിലയിൽ കണ്ടെത്തിയതാണ് കലാപത്തിനു പ്രേരണയായത്. തീവ്രനിലപാടുകൾ പുലർത്തുന്ന തെഹ്‌രിക് എ ലബ്ബായിക് പാക്കിസ്ഥാൻ എന്ന പാർട്ടി അക്രമത്തിനു നേതൃത്വം നല്കി. പള്ളികൾക്കു പുറമേ 86 ക്രൈസ്തവ ഭവനങ്ങളും തീവച്ചുനശിപ്പിച്ചു. അക്രമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നൂറിലധികം പേരെ പൊലീസ് അറസ്റ്റ് ചെയ്തു. ഖുറാനെ അപമാനിച്ചുവെന്ന് ആരോപിച്ച് റോക്കി, രാജ സഹോദരങ്ങളെയും അറസ്റ്റ് ചെയ്തു. കുപ്രസിദ്ധമായ മതനിന്ദാനിയമപ്രകാരമാണ് ഇവർക്കെതിരേ കേസെടുത്തത്. എന്നാൽ പ്രദേശത്തെ രണ്ടു മുസ്ലിംകൾ ക്രൈസ്തവ സഹോദരങ്ങളോടുള്ള വ്യക്തിവിദ്വേഷം തീർക്കാനായി മതനിന്ദാ കേസിൽ കുടുക്കുകയായിരുന്നുവെന്ന് കോടതി കണ്ടെത്തി. കോടതിയുടെ ഉത്തരവുണ്ടായതിനു പിന്നാലെ ക്രൈസ്തവ സ ഹോദരങ്ങൾ ജയിൽ മോചിതരായെന്ന് പോലീസ് അറിയിച്ചു.

പള്ളികളും ഭവനങ്ങളും ആക്രമിക്കപ്പെട്ട സംഭവം അവിചാരിതമല്ലെന്ന് പാക്കിസ്ഥാൻ മനുഷ്യാവകാ ശ കമ്മീഷന്റെ ഫാക്ട് ഫൈൻഡിംഗ് മിഷൻ റിപ്പോ ർട്ടിൽ വ്യക്തമാക്കിയിരുന്നു. പ്രദേശത്തെ ക്രൈസ്തവരോടുള്ള ദീർഘനാളായുള്ള വിദ്വേഷമാണ് അക്രമത്തിൽ അവസാനിച്ചത്.





# പൗരത്വ ഭേദഗതി നിയമം പ്രാബല്യത്തിൽ



ന്യൂഡൽഹി: പൗരത്വ ഭേദഗതി നിയമത്തിൻറെ വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്ര സർക്കാർ. ഇതോടെ നിയമം പ്രാബല്യത്തിൽ വന്നു. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ള മുസ്ലിമുകൾ അല്ലാത്തവർക്ക് പൗരത്വം നൽകുന്ന നിയമം ഏറെ വിവാദം സൃഷ്ടിച്ചിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിനു മുൻപേ പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കുമെന്ന് അമിത് ഷാ അടക്കമുള്ള കേന്ദ്ര മന്ത്രിമാർ പ്രഖ്യാപിച്ചിരുന്നു. നിയമത്തിൻറെ വിജ്ഞാപനം പുറപ്പെടുവിച്ചതോടെ പൗരത്വം നൽകുന്നതിനുള്ള നടപടികൾക്ക് തുടക്കമായി. മൂന്നു രാജ്യങ്ങളിൽ നിന്നും 2014 ഡിസംബർ 31 വരെ ഇന്ത്യയിലെത്തിയ ഹിന്ദു, സിഖ്, ജൈന, ബുദ്ധ, പാഴ്സി, ക്രിസ്ത്യൻ മതങ്ങളിൽ നിന്നുള്ളവർക്കാണ് പൗരത്വം നൽകുക. 2019 ഡിസംബറിലാണ് പൗരത്വ ഭേദഗതി നിയമത്തിന് രാഷ്ട്രപതി അംഗീകാരം നൽകിയത്. അതിനു ശേഷവും രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇതിനെതിരേ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു. നിയമത്തിനെതിരേയുള്ള പ്രക്ഷോഭത്തിനിടെ നൂറോളം പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.







**CARTOON:**



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
13 MARCH 2024
VOL 03 | ISSUE 072 | 771

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്

## വാഗ്ദത്ത വചനം

**മാർച്ച് 13**

നിന്റെ അദ്ധ്വാന ഫലം നീ അനുഭവിക്കും; നീ സന്തുഷ്ടനായിരിക്കും; നിനക്ക് നന്മ വരും'. (സങ്കീ.128 : 2 )

ക്രിസ്ത്യൻ ലൈവ് DAILY
**പരസ്യ നിരക്ക്**

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

എഡിറ്റോറിയൽ

# നഷ്ടങ്ങളും അപമാനവും വേദനയും അനുഭവിക്കുന്ന ധീരരായ വനിതാ പോരാളികൾ



**സിസ്റ്റർ ഷീലാ ദാസ് കീഴൂർ**

ലോക രാജ്യങ്ങൾ വനിതാ ദിനം ആഘോഷിക്കാൻ തുടങ്ങിയത് 1857 മാർച്ച് 8 നു ന്യൂയോർക്കിലെ തുണിമില്ലുകളിൽ ജോലി ചെയ്തിരുന്ന വനിതകൾ നടത്തിയ തൊഴിലാളി ജാഥമൂലം ആണ്. സ്ത്രീകൾ അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി നടത്തിയ പോരാട്ടം ആണ് വനിതകൾക്ക് പ്രത്യേക ദിനം ലഭിപ്പാൻ കാരണം ആയത്. ഇന്ന് സ്ത്രീകൾക്ക് വളരെ സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ട്. എങ്കിലും പല മേഖലകളിലും അവർ പീഡിപ്പിക്കപ്പെടുന്നു. പല കുടുംബങ്ങളിലും ഇന്നും അവർക്ക് വേണ്ട പ്രാധാന്യം ലഭിക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു.

ഈ വനിതാ ദിനത്തിൽ ആദരിക്കപ്പെട്ട പലരിൽ ഒരാൾ ആണ് ടെക്സ്സസിലെ ജഡ്ജി ആയി മാറിയ മലയാളികളുടെ അഭിമാനമായ ജൂലി മാത്യു ഈ പദവിയിൽ എത്തുന്ന പത്തനംതിട്ടക്കാരിയായ ആദ്യ മലയാളി വനിതയെ നാം ആദരിക്കുന്നു. ഇനിയും ഉയരങ്ങളിൽ എത്തുവാൻ അനേകരെ ഒരുക്കട്ടെ എന്ന് ആശംസിക്കുന്നു.ലോകപ്രകാരം അനേകർക്ക് ആദരവുകൾ ലഭിക്കുന്നു. സുവിശേഷ രണാങ്കണത്തിൽ പോരാടുന്ന ധീര വനിതകൾക്ക് ഒരു ബിഗ് സല്യൂട്ട് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ കണ്ണുകളെ നനയിപ്പിച്ച ഒരു കാഴ്ച നാം കണ്ടു. ബീഹാറിലെ മിഷനറിയായിരുന്ന സണ്ണി പാസ്റ്ററിന്റെ ഭാര്യ, തന്റെ ഭർത്താവിനെ ചിലർ കൂട്ടം ചേർന്ന് മർദിക്കുമ്പോൾ, നിസ്സഹായയായി നോക്കി നിൽക്കുമ്പോൾ വീണു പോയ അദ്ദേഹത്തെ എഴുന്നേൽപ്പിച്ചു കരങ്ങളിൽ പിടിച്ചു കൊണ്ടുപോകുന്ന കാഴ്ച എന്നെ വല്ലാതെ വേദനിപ്പിച്ചു. സുവിശേഷ സത്യങ്ങൾക്ക് വേണ്ടി ഇറങ്ങിതിരിച്ചു നഷ്ടങ്ങളും അപമാനവും വേദനയും അനുഭവിക്കുന്ന ഞങ്ങളുടെ ധീരരായ വനിതാ പോരാളികളെ ദൈവം ആദരിക്കും നിശ്ചയം.

വേദപുസ്തകം ആദരിച്ച ധീര വനിതകൾ ഉണ്ട്. കൂടാതെ ചരിത്ര താളുകളിൽ ആദരിക്കപ്പെട്ട രാമാഭായി അടക്കം ഉള്ള സ്ത്രീ രത്നങ്ങൾ ഇന്നും അനേക വനിതകൾക്ക് ഊർജ്ജം നൽകുന്നു. യേശുവും അനുയായികളും സ്ത്രീകളെ ആദരിച്ചിട്ടും ഇന്നുള്ള പല ക്രിസ്തു ശിഷ്യർക്കും മനസ്സ് വരുന്നില്ല. എങ്കിലും നാം ചെയ്തതിനെല്ലാം പ്രതിഫലം നൽകുന്ന ഒരു ദിവസം ഉണ്ട്. അന്ന് അനേകരുടെ നടുവിൽ കർത്താവ് നമ്മെ മാനിക്കുമ്പോൾ, ഇന്ന് എതിർക്കുന്നവരും ലജ്ജിക്കപ്പെടും. ആരെല്ലാം അംഗീകരിച്ചാലും ഇല്ലെങ്കിലും നമ്മേ ഏൽപ്പിച്ച ദൈവീക ദൗത്യം വിശ്വസ്ഥതയോടെ ചെയ്തു തീർക്കുവാൻ എല്ലാ ക്രൈസ്തവ സഹോദരിമാരെയും ദൈവം സഹായിക്കട്ടെ.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം: **യുണൈറ്റഡ്കിംഗ്ഡം**

| | | | |
|---|---|---|---|
| തലസ്ഥാനം | : ലണ്ടൻ | പ്രസിഡണ്ട് | : ഋഷി സുനക് |
| ഭാഷ | : ഇംഗ്ലീഷ് | മതം | : ക്രിസ്ത്യൻ |
| ജനസംഖ്യ | : 67,736,802 | | |

രാജ്യത്തെ സഭയിലും ഭക്തജനങ്ങളിലും പരിശുദ്ധാത്മാവിന്റെ ഉണർവ്വ് വ്യാപരിക്കാനായി പ്രാർത്ഥിക്കുക.

രാജ്യത്ത് കുടിയേറിയ മുസ്ലീങ്ങളും ഹിന്ദുക്കളും യേശുവിന്റ സ്നേഹത്താൽ നിറയാൻ വേണ്ടി പ്രാർത്ഥിക്കുക.

നഗരങ്ങളിൽ സുവിശേഷവുമായി എത്തിച്ചേരാൻ സഭക്കും വിശ്വാസികൾക്കും കഴിയണം. പ്രാർത്ഥിക്കുക

# പറന്നു കൊണ്ടിരുന്ന വിമാനം കുത്തനെ താഴേയ്ക്ക് : സീറ്റ് ബെൽറ്റ് ഇടാത്ത 50 യാത്രികർക്ക് പരിക്ക്





ഓക് ലാൻഡ് (ന്യൂസിലൻഡ്) : ചിലിയൻ എയർലൈൻ കമ്പനിയായ ലാതം ഓപ്പറേറ്റ് ചെയ്യുന്ന ബോയിംഗ് വിമാനം പറക്കുന്നതിനിടെ പെട്ടെന്ന് തഴേക്ക് പതിച്ചതിനെതുടർന്ന് അൻപത്തോളം യാത്രികർക്ക് പരുക്കേറ്റു. സീറ്റുകളിൽ നിന്നും തിരിച്ചുപോയ യാത്രക്കാരിൽ പലർക്കും മുഖത്തുഭാഗത്തു തലയിടിച്ചു ഗുരുതര പരിക്ക് പറ്റിയിട്ടുണ്ട്.
സാങ്കേതിക തകരാറിനെ തുടർന്ന് അപകടം സംഭവിച്ചതെന്നാണ് വിവരം. അല്പസമയം നിയന്ത്രണം നഷ്ട്ടപ്പെട്ടെങ്കിലും വൈകാതെ വിമാനം ലാൻഡ് ചെയ്യിക്കാനായത് അപകടത്തിന്റെ വ്യാപ്തി കുറച്ചു. സാരമായ പരിക്കൊടുകൂടിയ 7 യാത്രക്കാരെയും 3 ജീവനക്കാരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
13 MARCH 2024
VOL 03 | ISSUE 072 | 771

# മണിപ്പൂർ സംഘർഷത്തിൽ റിപ്പോർട്ട് തേടി സുപ്രിംകോടതി




ന്യൂഡൽഹി: മണിപ്പൂർ സംഘർഷത്തിൽ അന്വേഷണ ഏജൻസിയോട് റിപ്പോർട്ട് തേടി സുപ്രിം കോടതി. സി.ബി.ഐയോടും എൻ.ഐ.എയോടുമാണ് അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. മണിപ്പൂർ സർക്കാരിനോടും റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഏതെങ്കിലും കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോയെന്നും കോടതി തേടി.

ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന്റേതാണു നിർദേശം. അന്വേഷണവുമായി ബന്ധപ്പെട്ടു വ്യക്തത തേടിക്കൊണ്ടുള്ള സ്പെഷൽ ജഡ്ജി, സി.ബി.ഐ, എൻ.ഐ.എ എന്നിവരുടെ കത്തു ചൂണ്ടിക്കാട്ടിയുള്ള അസം രജിസ്ട്രാർ ജനറലിന്റെ സന്ദേശം പരിഗണിക്കുകയായിരുന്നു കോടതി. കുറ്റപത്രം സമർപ്പിച്ച ശേഷം വിചാരണ അസമിൽ തന്നെ നടക്കേണ്ടതുണ്ടോ, കുറ്റകൃത്യം ചെയ്ത സമയത്ത് പ്രായപൂർത്തിയാകാത്തവരുടെ കാര്യത്തിൽ എന്തൊക്കെ നടപടിക്രമങ്ങൾ പാലിക്കണം തുടങ്ങിയ ചോദ്യങ്ങളാണ് കത്തിലുണ്ടായിരുന്നത്.

ഇക്കാര്യങ്ങളിലേക്കു കടക്കാൻ വിവിധ ഏജൻസികൾ അന്വേഷണത്തിന്റെ പുരോഗതി അറിയിക്കേണ്ടതുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി. രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാനാണു നിർദേശം.

# പൗരത്വ ഭേദഗതി നിയമം തമിഴ്നാട്ടിൽ നടപ്പാക്കരുത്; തമിഴക വെട്രി കഴകം അധ്യക്ഷൻ വിജയ്



ചെന്നൈ: രാജ്യത്ത് പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാരിനെതിരെ വിമർശനവുമായി തമിഴക വെട്രി കഴകം അധ്യക്ഷൻ വിജയ്. രാജ്യത്തെ എല്ലാ പൗരന്മാരും സാമൂഹിക സൗഹാർദ്ദത്തോടെ ജീവിക്കുന്ന ഒരു അന്തരീക്ഷത്തിൽ ഇന്ത്യൻ പൗരത്വ ഭേദഗതി നിയമം 2019 (സിഎഐ) പോലുള്ള ഒരു നിയമവും നടപ്പിലാക്കുന്നത് അംഗീകരിക്കാനാവില്ല. വിജയ് പറഞ്ഞു. തമിഴ്നാട്ടിൽ നിയമം നടപ്പാക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും അദ്ദേഹം തമിഴ്നാട് സർക്കാരിനോട് അഭ്യർത്ഥിച്ചു. ബിജെപിയുടെ ഭിന്നിപ്പുണ്ടാക്കുന്ന അജണ്ടയാണിതെന്ന് തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിനും പ്രതികരിച്ചു, ലോക്സഭ തെര!ഞ്ഞെടുപ്പിന് തൊട്ടുമുൻപ് കേന്ദ്രസർക്കാർ നടത്തിയ നീക്കത്തിനെതിരെ പ്രതിപക്ഷ പാർട്ടികളെല്ലാം പ്രതിഷേധവുമായി രംഗത്തുവന്നിട്ടുണ്ട്.

# ഐപിസി ആയൂർ സെന്റർ കൺവൻഷൻ

ആയൂർ : ഐപിസി ആയൂർ സെന്റർ 33-മത് കൺവൻഷൻ വയയ്ക്കൽ ജംക്ഷനിൽ ഏപ്രിൽ 47 വരെ നടക്കും. ഐപിസി ആയൂർ സെന്റർ ശുശ്രുഷകൻ പാ. സണ്ണി എബ്രഹാം ഉത്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ബി. മോനച്ചൻ, കെ. ജെ. തോമസ്, ഡോ. അലക്സ് ജോൺ, ജോൺസൺ ദാനിയേൽ, മാത്യു കെ. വർഗീസ്, ഫെയ്ത്ത് ബ്ലെസ്സൺ, തോമസ് ഫിലിപ്പ് എന്നിവർ വചനശുശ്രുഷ നിർവഹിക്കും. താബോർ വോയ്സ്, ഉമ്മന്നൂർ ഗാനശുശ്രുഷയ്ക്ക് നേതൃത്വം നൽകും.

# അരോമ സീസൺ-3

പാലക്കാട് : PYPA പാലക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ 'അരോമ സീസൺ–3' യുവജന ക്യാമ്പ് ഏപ്രിൽ 30–മെയ് 02 വരെ ലീഡ് കോളേജ് ഓഫ് മാനേജ്മെന്റിൽ നടക്കും. പാ. ജെയിംസ് വർഗീസ് (PYPA മേഖല പ്രസിഡന്റ്), പാ. റോജി മല്ലപ്പള്ളി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു.

# ഇടയ്ക്കാട് കൺവൻഷൻ

അടൂർ : ഇടയ്ക്കാട് കുടുംബം സൗഹൃദ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടയ്ക്കാട് കൺവൻഷൻ മെയ് 9 – 11 വരെ ഇടയ്ക്കാട് വടക്ക് ഇമ്മാനുവേൽ ഗ്രൗണ്ടിൽ ദക്ഷിണേന്ത്യ ദൈവസഭയ്ക്ക് സമീപം നടക്കും. പാസ്റ്റർമാരായ സാജു ചാത്തന്നൂർ, റെജി ശാസ്താംകോട്ട, ഷാജി യോഹന്നാൻ എന്നിവർ വചനശുശ്രുഷ നിർവഹിക്കും.

# പൊതുവിദ്യാലയങ്ങളിൽ പ്രതിനിധികളെ നിയമിക്കാൻ സാത്താനിക് സംഘടനയുടെ നീക്കം




ഫ്ലോറിഡ: അമേരിക്കൻ സംസ്ഥാനമായ ഫ്ലോറിഡയിലെ പൊതുവിദ്യാലയങ്ങളിൽ ചാപ്ലിൻമാരായി തങ്ങളുടെ പ്രസ്ഥാനത്തിലെ അംഗങ്ങളെയും നിയമിക്കണമെന്ന വിവാദ ആവശ്യവുമായി പൈശാചിക സംഘടനയായ സാത്താനിക് ടെമ്പിൾ രംഗത്ത്. കൗൺസിലിംഗ് നൽകാൻ വേണ്ടി പൊതുവിദ്യാലയങ്ങളിൽ വോളണ്ടിയർ ചാപ്ലിൻമാരെ നിയമിക്കുന്നത് സംബന്ധിച്ച ബില്ല് ഇതിനോടകം ജനപ്രതിനിധി സഭ പാസാക്കി കഴിഞ്ഞിരിന്നു. ഈ ബില്ലിന്റെ പരിധിയിൽ തങ്ങളുടെ അംഗങ്ങളെയും ഉൾപ്പെടുത്തണം എന്നാണ് സാത്താനിക് ടെമ്പിൾ സംഘടന ആവശ്യപ്പെടുന്നത്. ഇല്ലായെങ്കിൽ നിയമനടപടിയുമായി മുന്നോട്ടുപോകുമെന്ന് സംഘടന മുന്നറിയിപ്പ് നൽകി. കുഞ്ഞുങ്ങളിൽ പൈശാചികമായ സിദ്ധാന്തങ്ങൾ അടിച്ചേൽപ്പിക്കാനുള്ള നീക്കത്തിൽ ക്രൈസ്തവർ ഉൾപ്പെടെയുള്ളവർ പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

പൊതു വിദ്യാലയങ്ങളിലെ പ്രധാനധ്യാപകർ ചാപ്ലിൻമാരെ നിയമിക്കുന്നത് സംബന്ധിച്ച് മാതാപിതാക്കളെ അറിയിക്കുകയും അവരുടെ അനുവാദത്തോടുകൂടി, മാതാപിതാക്കൾ തെരഞ്ഞെടുക്കുന്ന കൗൺസിലർമാരെ കുട്ടികൾക്ക് നൽകുകയും വേണമെന്നാണ് ബില്ലിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ ചൂണ്ടിക്കാട്ടുന്നത്. ഇവരുടെ മുൻകാല ചരിത്രമന്വേഷിച്ചതിനു ശേഷം മാത്രമേ നിയമനം നടക്കുകയുള്ളൂ. ബില്ല് മുന്നോട്ടുവെച്ച ഫ്ലോറിഡ സംസ്ഥാനത്തെ റിപ്പബ്ലിക്കൻ പാർട്ടി സെനറ്ററായ എറിൻ ഗ്രാൾ സാത്താനിക പുരോഹിതർ ഈ അവസരം മുതലെടുക്കുമോയെന്ന് ആശങ്ക പ്രകടിപ്പിച്ചിരിന്നു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
04
13 MARCH 2024
VOL 03 | ISSUE 072 | 771

# രണ്ടാമത് കുമളി സെന്റർ കൺവെൻഷൻ

കുമളി : ഇന്ത്യ ദൈവസഭ കുമളി സെന്റർ കൺവെൻഷൻ ഏപ്രിൽ 11 -14; വരെ വൈകിട്ട് 6 മുതൽ ചേറ്റുകുഴി വൈറ്റ് ഹൗസ് ഓഡിറ്റോറിയത്തിൽ നടക്കും. സെന്റർ ശുശ്രുഷകൻ പാ.എൻ ആർ. സെനു ഉദ്ഘാടനം ചെയ്തു. കേരളാ സ്റ്റേറ്റ് ഓവർസിയർ പാ.സി.സി. തോമസ്,പാ.വൈ. റെജി ,പാ.ഷിബു കെ. മാത്യൂ, പാ. ബി മോനച്ചൻ, പാ.അനീഷ് ഏലപ്പാറ, പാ. ജെൻസൺ ജോയ് ,എന്നിവർ പ്രസംഗിക്കും. 14 ഞായർ രാവിലെ സംയുക്ത സഭാ യോഗവും നടക്കും.കുമളി സെന്റർ ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# ഏകദിന ഐക്യ പ്രാർത്ഥന സമ്മേളനം മാർച്ച് 14 ന്

കോട്ടയം : രാജ്യത്ത് നടക്കാൻ പോകുന്ന പാർലമെന്റ് ഇലക്ഷൻ , ഇന്ത്യയിലെ ഭരണാധികാരികൾ, നമ്മുടെ രാജ്യത്തെ ക്രൈസ്‌ത്തവ സമൂഹം നേരിടുന്ന വെല്ലുവിളികൾ,പീഡിപ്പിക്കപ്പെടുന്ന മിഷണറിമാർ തുടങ്ങിയ വിഷയങ്ങളെ വഹിച്ചുള്ള ഏകദിന ഐക്യ പ്രാർത്ഥന സമ്മേളനം മാർച്ച് 14 ന് രാവിലെ 10 മുതൽ 5 വരെ തലപ്പാടി ശാലേം ഐ.പി. സി ഹാളിൽ നടക്കും. പാ. റിൻസൺ എം.തോമസ് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഇവാ. എം സി. കുര്യൻ , പാ. വിൻസി ജി.ഫിലിപ്പ് ,ഷാജി മാർക്കോസ് എന്നിവർ സന്ദേശം നൽകും. പാ.സജി എം. മാത്യൂ, ഫെയ്ത് അടിമത്തറ, സി.രാജേഷ് എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകും.

# ക്രിമിനൽ സംഘങ്ങളുടെ അക്രമങ്ങൾക്ക് ഇരകളായ കുട്ടികൾക്ക് രക്ഷകയായി സന്യാസിനി



ഹെയ്തി : ഹെയ്തിയിൽ സായുധ ക്രിമിനൽ സംഘങ്ങൾ അക്രമങ്ങൾ അഴിച്ചുവിടുമ്പോൾ അവിടെ ദുരിതമനുഭവിക്കുന്ന കുട്ടികൾക്കിടയിൽ സേവനമനുഷ്ഠിച്ച് അവർക്ക് വേണ്ട സഹായം ചെയ്യുകയാണ് ഫ്രഞ്ച് മിഷനറിയായ സന്യാസിനി. തെരുവുകളിലും ജയിലുകളിലും കഴിയുന്ന കുട്ടികൾക്ക് ഭൗതികവും ആത്മീയവുമായ പിന്തുണ നൽകുന്നത് സിസ്റ്റർ പേസി എന്നറിയപ്പെടുന്ന സിസ്റ്റർ ക്ലെയർ ജോയേൽ ഫിലിപ്പാണ്. സിസ്റ്റർ പേസി സ്ഥാപിച്ച 'കിസിറ്റോ ഫാമിലി അസോസിയേഷൻ' നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളാണ് ഹെയ്തിയിലെ പോർട്ട് ഓ പ്രിൻസ് അതിരൂപതയിൽ സമർപ്പിതരായ സന്യാസിനിമാരിലൂടെയും വൈദികരിലൂടെയും സാധാരണക്കാരിലൂടെയും ചെയ്യുന്നത്. ഹെയ്തിയിലെ അങ്ങേയറ്റം അക്രമാസക്തമായ സാഹചര്യത്തിൽ വളരുന്ന കുട്ടികളുടെ ഇടയിലാണ് സിസ്റ്റർ പേസിയും സഹ മിഷനറിമാരും പ്രവർത്തിക്കുന്നത്.

# വീര്യം കുറഞ്ഞ മദ്യവിതരണം സമൂഹത്തിന് ആപത്ത്: ബിഷപ് മലയിൽ സാബു കോശി



കോട്ടയം: വീര്യം കുറഞ്ഞ മദ്യം വിപണിയിലെത്തിക്കാനുള്ള നീക്കം നാടിന് ആപത്തായതിനാൽ സർക്കാർ പിന്മാറണമെന്ന് സിഎസ്ഐ മധ്യകേരള മഹായിടവക ബിഷപ് ഡോ.മലയിൽ സാബു കോശി ചെറിയാൻ. കേരളത്തിലെ സാമൂഹിക ജീവിതനിലവാരത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ് വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്യാനുള്ള സർക്കാർ തീരുമാനം.

മദ്യാസക്തിയിൽനിന്ന് സമൂഹത്തെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട സർക്കാർ തന്നെ ലഹരി സുലഭമാക്കുന്ന നയം സ്വീകരിക്കുന്നത് വേദനാജനകമാണ്. വരുമാന ലഭ്യത മാത്രം ലക്ഷ്യമിട്ട് സമൂഹത്തെ കുരുതി കൊടുക്കാനുള്ള സർക്കാർ നയത്തിനെതിരെ പ്രക്ഷോഭ പരിപാടികളുമായി മുന്നിട്ടിറങ്ങേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പുതിയ മദ്യ നയത്തിൽ നിന്ന് സർക്കാർ പിന്തിരിയണമെന്നും ബിഷപ് ഡോ. മലയിൽ സാബു കോശി ചെറിയാൻ ആവശ്യപ്പെട്ടു.

# ഇന്ത്യ ദൈവസഭ കുമളി സെന്റർ കൺവൻഷൻ

കുമളി: ഇന്ത്യ ദൈവസഭ കുമളി സെന്റർ കൺവൻഷൻ ഏപ്രിൽ 11 14 വരെ വൈകിട്ട് 6 മുതൽ ചേറ്റുകുഴി വൈറ്റ് ഹൌസ് ഓഡിറ്റോറിയത്തിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എൻ. ആർ. സെനു ഉത്ഘാടനം ചെയ്യും. കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി. തോമസ്, പാസ്റ്റർ വൈ. റെജി, പാസ്റ്റർ ഷിബു കെ. മാത്യു, പാസ്റ്റർ ബി. മോനച്ചൻ, പാസ്റ്റർ അനീഷ് ഏലപ്പാറ, പാസ്റ്റർ ജെൻസൻ ജോയ്(അടൂർ) എന്നിവർ പ്രസംഗിക്കും. 14 ഞായർ രാവിലെ സംയുക്ത സഭായോഗവും നടക്കും. കുമളി സെന്റർ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേ സ്കൂൾ അസോസിയേഷൻ ദേശീയ ക്യാമ്പ്

അടൂർ : ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേ സ്കൂൾ അസോസിയേഷൻ ദേശീയ ക്യാമ്പ് ഏപ്രിൽ 9, 10 ന് അടൂർ മാർത്തോമാ യൂത്ത് സെന്ററിൽ നടക്കും. 13 വയസ്സ് വരെയുള്ള സൺഡേ സ്കൂൾ വിദ്യാർത്ഥികളോടൊപ്പം സൺഡേ സ്കൂൾ അദ്ധ്യാപകരും പങ്കെടുക്കും.

# ഖമീസിൽ നടപ്പാലം തകർന്നു ആളപായം ഇല്ല





റിയാദ് : ഖമീസ് മുശൈത്തിലെ പ്രിൻസ് സുൽത്താൻ റോഡിന് കുറുകെയുള്ള നടപ്പാലം തകർന്നു വീണു. ആർക്കും പരിക്കില്ല. വലിയ മണ്ണുമാന്തിയന്ത്രം കയറ്റിവന്ന ലോറിയിടിച്ചാണ് പാലം തകർന്നതെന്ന് മുനിസിപ്പാലിറ്റി അറിയിച്ചു. ഇന്ന് രാവിലെയാണ് സംഭവം. പാലം തകർന്നുവീണതോടെ ഇതുവഴിയുള്ള ഗാതഗതം ഏറെ നേരം തടസ്സപ്പെട്ടു. അഞ്ചര മീറ്റർ ഉയരത്തിലാണ് പാലം സ്ഥിതി ചെയ്യുന്നത്. അതിലധികം ഉയരമുള്ള ലോഡുമായാണ് ലോറിയെത്തിയത്. യന്ത്രത്തിന്റെ ഒരു ഭാഗം പാലത്തിലിടിക്കുകയായിരുന്നു. ഉടൻ തന്നെ പാലത്തിന്റെ വലത് ഭാഗം നിലംപൊത്തി. അവശിഷ്ടങ്ങൾ നീക്കം ചെയ്ത ശേഷം ഗതാഗതം പുനഃസ്ഥാപിച്ചു.

# ഒരാൾക്ക് മൂന്ന് വോട്ടർ തിരിച്ചറിയൽ കാർഡ് : തിരഞ്ഞെടുപ്പ് ഉദ്ധ്യോഗസ്ഥർക്ക് സസ്പെൻഷൻ

തിരുവനന്തപുരം : കോഴിക്കോട് ബേപ്പൂരിൽ ഒരാൾക്ക് മൂന്ന് വോട്ടർ തിരിച്ചറിയൽ കാർഡ് ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന് ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ സംസ്ഥാനത്തെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ നിർദേശം നൽകി. രണ്ട് ഇലക്ടറൽ റജിസ്ട്രേഷൻ ഓഫീസർമാർ ,ഒരു ബൂത്ത് ലെവൽ ഓഫീസർ എന്നിവരെ സസ്പെൻഡ് ചെയ്യാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദേശം നൽകി.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
05
13 MARCH 2024
VOL 03 | ISSUE 072 | 771

# ഹമാസ് നേതൃനിരയിലെ രണ്ടാമൻ ഈസ കൊല്ലപ്പെട്ടതായി റിപ്പോർട്ട്



ഗാസ : ഹമാസ് നേതാക്കളിൽ രണ്ടാമനായ മർവിൻ ഈസ ഇസ്രായേൽ നടത്തിയ ഡ്രോൺ ആക്രമണത്തിൽ കൊല്ലപ്പെട്ടതായി സൂചന. വടക്കാൻ ഗാസയിലെ അൽ നസേറത് ക്യാമ്പിന് നേരെ നടത്തിയ ആക്രമണത്തിലാണ് സൈനിക വിഭാഗം ഡെപ്യൂട്ടി കമാണ്ടർ ആയ ഈസ കൊല്ലപ്പെട്ടതെന്നാണ് വിവരം. ഈ ആക്രമണത്തിൽ അഞ്ചു പേരാണ് കൊല്ലപ്പെട്ടത്.എന്നാൽ ഇസ്രായേൽ സൈന്യമോ, ഹമാസോ ഈക്കാര്യം സ്ഥിരീകരിച്ചിട്ടില്ല. ഹമാസിന്റെ സൈനിക വിഭാഗം മേധാവി മുഹമ്മദ്  ദായിഫ് ,ഒക്ടോബർ 7 ന് ഇസ്രായേലിൽ നടന്ന ആക്രമണത്തിന്റെ കമാണ്ടർ യഹ്യ സിൻവർ ഖാൻ എന്നിവരെപ്പോലെ ഹിറ്റ്ലിസ്റ്റിൽ ഉൾപ്പെട്ടയാളാണ് ഈസ. ഈസ കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ സമാധാന ചർച്ചകൾക്ക് അതു തിരിച്ചടിയാകുമെന്നാണ് സൂചന.ഖത്തറും ഈജിപ്തും മുൻകൈയെടുത്താണ് സമാധാന നീക്കം നടക്കുന്നത്.

# ഫാമിലി വിസ സ്റ്റാമ്പിങിന് ഇനി വിവാഹ സർട്ടിഫിക്കറ്റ് എംബസി സാക്ഷ്യപ്പെടുത്തേണ്ട; സൗദി പ്രവാസികൾക്ക് ആശ്വാസം

കോഴിക്കോട്: പാസ്പോർട്ടിൽ ജീവിതപങ്കാളിയുടെ പേര് ഇല്ലാതിരിക്കുകയോ പേര് വിവരങ്ങളിൽ പൊരുത്തക്കേട് ഉണ്ടാവുകയോ ചെയ്യുമ്പോൾ സൗദി അറേബ്യയിലേക്ക് ഫാമിലി വിസ സ്റ്റാമ്പ് ചെയ്യാൻ വിവാഹ സർട്ടിഫിക്കറ്റ് എംബസി സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന ഒഴിവാക്കി. സൗദിയിലേക്കുള്ള വിസ സേവനങ്ങൾ നൽകുന്ന വിഎഫ്എസ് ഇക്കാര്യം അറിയിച്ച് നോട്ടിസ് പുറത്തിറക്കി.

വിവാഹ സർട്ടിഫിക്കറ്റ് എംബസി സാക്ഷ്യപ്പെടുത്തുന്നതിന് പകരം അപ്പോസ്റ്റാൽ അറ്റസ്റ്റേഷൻ മതിയാവും. വിദേശകാര്യ മന്ത്രാലയമാണ് അപ്പോസ്റ്റാൽ നൽകുന്നത്. സൗദിയിലേക്ക് യാത്ര പോകാൻ ഉദ്ദേശിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് ഗുണകരമാണ് പുതിയ തീരുമാനം. ഫാമിലി വിസ സ്റ്റാമ്പ് ചെയ്യാൻ വിവാഹ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ എളുപ്പമാക്കുന്നതിനാണ് വിഎഫ്എസ് വ്യവസ്ഥയിൽ ഇളവ് വരുത്തിയത്. എംബസിയുടെ വിവാഹ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ലഭിക്കാൻ വലിയ കാലതാമസം നേരിട്ടിരുന്നു. എംബസിക്ക് അപേക്ഷ നൽകി ആഴ്ചകളോളം ഇതിനായി കാത്തിരിക്കേണ്ടിവരുന്നത് കാരണം പലർക്കും യഥാസമയം കുടുംബത്തോടൊപ്പം യാത്രചെയ്യാൻ സാധിക്കാത്തത് ഉൾപ്പെടെ പലവിധ പ്രയാസങ്ങൾക്കും ഇടയാക്കിയിരുന്നു.

ഭാര്യയെ സൗദിയിലേക്ക് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നയാളുടെ പാസ്പോർട്ടിൽ ഭാര്യയുടെ പേര് ഉണ്ടായിരിക്കണമെന്നാണ് നിയമം. പേര് ഇല്ലാതിരിക്കുകയോ പേര് വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം സംഭവിക്കുകയോ ചെയ്യുമ്പോഴാണ് ദമ്പതികളാണെന്ന് തെളിയിക്കാൻ വിവാഹ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ആവശ്യമായി വരുന്നത്. ഫാമിലി വിസ സ്റ്റാമ്പ് ചെയ്യാൻ ഇത് നിർബന്ധമായിരുന്നു. ജനറൽ സർവ്വീസ് ചെയ്യുന്ന കേരളത്തിലെ ഏതെങ്കിലും ട്രാവൽസ് വഴി വിദേശകാര്യ മന്ത്രാലയത്തിന്റെ അപ്പോസ്റ്റാൽ അറ്റസ്റ്റേഷൻ നേടാവുന്നതാണ്. നിലവിൽ സൗദിയിലെ വിവിധ വിസ സ്റ്റാമ്പിങ് പൂർത്തീകരിക്കാൻ അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ ആവശ്യമാണ്. രണ്ടായിരം രൂപ വരെയാണ് ഇതിനായി ട്രാവൽസുകളുടെ സർവീസ് ചാർജ്.

# റമദാനിൽ പ്രത്യേക യാത്ര പാസ് അവതരിപ്പിച്ച് ദോഹ മെട്രോ; ഒരാഴ്ചത്തേക്ക് പരിധിയില്ലാത്ത യാത്ര



ദോഹ: റമദാൻ മാസം ആരംഭിച്ചതോടെ പ്രത്യേക യാത്രാ പാസ് അവതരിപ്പിച്ച് ദോഹ മെട്രോയും ലുസൈൽ ട്രാമും. വെറും 30 ഖത്തർ റിയാലിന് അൺലിമിറ്റഡ് യാത്രകൾ വാഗ്ദാനം ചെയ്യുന്ന പ്രതിവാര പാസിനാണ് ദോഹ മെട്രോയും ലുസൈൽ ട്രാമും തുടക്കം കുറിച്ചിരിക്കുന്നത്. മാർച്ച് 11 ന് ആരംഭിച്ച പാസ് ഏപ്രിൽ 11 വരെ ലഭ്യമാകും. റമദാനിൽ നഗരത്തിൽ ഉടനീളം സഞ്ചരിക്കാൻ യാത്രക്കാരെ സഹായിക്കുന്നതാണ് ഈ പാസ്.

‘‘ഈ റമദാനിൽ നഗരത്തിനു ചുറ്റുമുള്ള നൈറ്റ് ബസാറുകൾ മുതൽ ഇസ്ലാമിക് ക്ലാസുകളും കായിക പ്രവർത്തനങ്ങളും വരെ ഇവന്റുകൾ പര്യവേക്ഷണം ചെയ്യുക. റമദാൻ വീക്ക്‌ലി പാസിലൂടെ നിങ്ങൾക്ക് 30 ഖത്തർ റിയാൽ നിരക്കിൽ 7 ദിവസത്തേക്ക് അൺലിമിറ്റഡ് റൈഡുകൾ ആസ്വദിക്കാം. എല്ലാ സ്റ്റേഷനുകളിലെയും ട്രാവൽ കാർഡ് വെൻഡിംഗ് മെഷീനുകളിൽ നിന്ന് പാസ് വാങ്ങുവാനും’’, ദോഹ മെട്രോ പ്രസ്താവനയിൽ പറഞ്ഞു.

# അബുദാബിയിൽ വലിയ വാഹനങ്ങൾക്ക് വിലക്ക്; 'സീസണൽ' യാചകരെ തടയാൻ ഷാർജ പോലീസ്




അബുദാബി: റമദാൻ ദിനങ്ങളിൽ തിരക്കുള്ള സമയത്ത് അബുദാബി നഗരത്തിലേക്ക് വലിയ വാഹനങ്ങൾ പ്രവേശിക്കുന്നതിന് വിലക്ക്. രാവിലെ 8 മുതൽ 10 വരെയും വൈകിട്ട് 2 മുതൽ 4 വരെയുമാണ് നിരോധനം. ട്രക്ക്, ട്രെയ്‌ലർ, അൻപതോ അതിൽ കൂടുതലോ തൊഴിലാളികളുള്ള ബസ് എന്നിവയ്ക്കാണ് നിയന്ത്രണമേർപ്പെടുത്തിയത്.

യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനും ഗതാഗതം സുഗമമാക്കാനും തിരക്ക് നിയന്ത്രിക്കാനും വേണ്ടിയാണ് നിരോധനമെന്ന് ട്രാഫിക് ആൻഡ് പട്രോൾ വിഭാഗം ഡയറക്ടർ ബ്രിഗേഡിയർ ജനൽ മഹ്മൂദ് യൂസഫ് അൽ ബലൂഷി അറിയിച്ചു. റമദാനിൽ തിരക്കുള്ള സമയങ്ങളിൽ കൂടുതൽ പട്രോളിങ് സംഘത്തെ വിന്യസിക്കുമെന്നും അദ്ദേഹം പറഞ്ഞു.

റമദാൻ മാസത്തിൽ ദർബ് ട്രാഫിക് ടോൾ ഈടാക്കുന്ന സമയത്തിൽ അധികൃതർ മാറ്റംവരുത്തിയിട്ടുണ്ട്. തിങ്കൾ മുതൽ ശനി വരെ രാവിലെ എട്ട് മുതൽ 10 വരെയും ഉച്ച രണ്ടു മുതൽ നാലുവരെയുമായിരിക്കും ഫീസ് ഈടാക്കുക. ഞായറാഴ്ച ടോൾ നൽകേണ്ടതില്ല. എന്നാൽ പൊതുപാർക്കിങ് സേവനങ്ങൾക്ക് റമദാനിൽ മാറ്റമില്ല. തിങ്കൾ മുതൽ ശനി വരെ രാവിലെ എട്ടുമുതൽ അർധരാത്രി 12 വരെയാണ് പാർക്കിങ് ഫീസ് നൽകേണ്ടത്. രാത്രി 12 മുതൽ രാവിലെ എട്ട് വരെയും ഞായറാഴ്ച പൂർണമായും പാർക്കിങ് സൗജന്യമാണ്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06
13 MARCH 2024
VOL 03 | ISSUE 072 | 771

# ചില പ്രദേശങ്ങളിൽ നേരിയ മഴയുണ്ടാവും; പൊടിക്കാറ്റ് അലർട്ട് പുറപ്പെടുവിച്ചു






അബുദാബി: യുഎഇയിൽ അസ്ഥിര കാലാവസ്ഥയ്ക്ക് ശമനമുണ്ടായെങ്കിലും രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഇന്നും നേരിയ മഴയുണ്ടാവുമെന്ന് ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിപ്പ്. വൈകുന്നേരം താപനില കുറയുകയും അന്തരീക്ഷ ഈർപ്പം വർധിക്കുകയും ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു. യുഎഇ നിവാസികൾക്ക് മേഘാവൃതമായ കാലാവസ്ഥ പ്രതീക്ഷിക്കാം. ചില പ്രദേശങ്ങളിൽ ചാറ്റൽ മഴ പെയ്തേക്കും. വടക്കൻ, കിഴക്കൻ മേഖലകളിലാണ് നേരിയ മഴയ്ക്ക് സാധ്യത. ബുധനാഴ്ച രാവിലെ വരെ താപനില കുറയുകയും ഈർപ്പം ഉയരുകയും ചെയ്യാം. നേരിയതോ മിതമായതോ ആയ കാറ്റ് അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ നിറച്ചേക്കാം. അബുദാബിയുടെ ചില ഭാഗങ്ങളിൽ ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം യെല്ലോ അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പൊടിക്കാറ്റിനെതിരേ ജാഗ്രതാ പാലിക്കാനാണ് നിർദേശം. പൊടിക്കാറ്റ് വൈകുന്നേരം നാലു മണി വരെ നീണ്ടുനിൽക്കും.

ഒമാൻ കടൽ വൈകുന്നേരങ്ങളിൽ പ്രക്ഷുബ്ധവുമായിരിക്കും. അറേബ്യൻ ഗൾഫിലെ തിരമാലകൾ മിതമായതും പ്രക്ഷുബ്ധവുമായിരിക്കുമെന്നും എൻസിഎം അറിയിച്ചു. കഴിഞ്ഞ വാരാന്ത്യദിനങ്ങളിൽ ശക്തമായ പ്രതികൂല കാലാവസ്ഥയാണ് രാജ്യം അഭിമുഖീകരിച്ചത്. യുഎഇയുടെ എല്ലാ ഭാഗങ്ങളിലും ശക്തമായ മഴയുണ്ടായി. വെള്ളിയാഴ്ച രാത്രിയോടെ ആരംഭിച്ച മഴയും കാറ്റും ഇടിമിന്നലും രാജ്യത്തിന്റെ മിക്ക ഭാഗത്തുകൂടിയും കടന്ന് തിങ്കളാഴ്ചയോടെയാണ് ശമിച്ചത്. ശക്തമായ കാറ്റും അബുദാബിയിൽ കനത്ത ഇടിമിന്നലുമുണ്ടായിരുന്നു. റോഡുകളിൽ മിക്കയിടത്തും വെള്ളക്കെട്ടുകൾ രൂപപ്പെട്ടു. പലയിടങ്ങളിലും മഴ നാശംവിതച്ചിരുന്നു. ഷാർജയിലെ അൽ ഗുബൈബ ഏരിയയിൽ താമസിക്കുന്ന പ്രവാസി ട്രക്ക് ഡ്രൈവറുടെ വീട് തകർന്ന് എട്ടംഗ കുടുംബം ഭവനരഹിതരായി. ഇദ്ദേഹത്തിന്റെ ഭാര്യയും എട്ട് മക്കളും അവരുടെ രണ്ട് ആടുകളും ഒരു രാത്രി മുഴുവൻ തെരുവിലാണ് കഴിച്ചുകൂട്ടിയതെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപോർട്ട് ചെയ്തു.

കിടക്കകളും ഭക്ഷണസാധനങ്ങളും ഉൾപ്പെടെ വീട്ടിലുള്ളതെല്ലാം നശിച്ചെന്ന് ഡ്രൈവറുടെ ഭാര്യ പറഞ്ഞു. റമദാനിന് മുന്നോടിയായി വാങ്ങിയ പലചരക്ക് സാധനങ്ങളും വെള്ളത്തിൽ കുതിർന്നു. ഭർത്താവ് ജോലി സ്ഥലത്തായിരുന്നപ്പോഴാണ് വീട് തകർന്നതെന്നും അവർ പരിതപിച്ചു. രാത്രി തന്നെ ഇവരുടെ വീട് സന്ദർശിച്ച ഒരു സ്വദേശി വനിത ഇവരുടെ കുടുംബത്തിന്റെ ദൈന്യത വ്യക്തമാക്കുന്ന വീഡിയോ സമൂഹ മാധ്യമത്തിൽ പങ്കുവച്ചു. ഈ കുടുംബത്തിന് വേണ്ടി നാമെല്ലാം ഒരുമിക്കണമെന്നും തകർന്ന വീട് പുനർനിർമിക്കാൻ സഹായിക്കണമെന്നും അവർ അഭ്യർഥിച്ചു.

# എ ജി മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ടായി വീണ്ടും പാസ്റ്റർ റ്റി.ജെ. ശാമുവൽ



വാളകം: അസ്സംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ടായി പാസ്റ്റർ ടി.ജെ. ശാമുവേലിനെ തെരഞ്ഞെടുത്തു. 1423 കോൺഫ്രൻസ് അംഗങ്ങൾ പങ്കെടുക്കുന്ന സമ്മേളനത്തിൽ പാസ്റ്റർ കെ.ജെ മാത്യു പിന്മാറിയതോടെയാണ് റ്റി. ജെ സാമുവേൽ സൂപ്രണ്ടായത്. നോമിനേഷൻ ബാലറ്റിൽ രണ്ടാമതായി വന്ന പാസ്റ്റർ കെ.ജെ. മാത്യു പിന്മാറുകയായിരുന്നു.
വരുന്ന രണ്ടു വർഷത്തേക്കാണ് ചുമതല. വാളകം ലാൻഡ് മാർക്ക് ആഡിറ്റോറിയത്തിൽ വെച്ചു നടക്കുന്ന മലയാളം ഡിസ്ട്രിക്റ്റ് 72ാം കോൺഫ്രൻസിലാണ് തെരഞ്ഞെടുപ്പ് നടന്നത്. കോൺഫ്രൻസ് തുടരുകയാണ്.

# ഐക്യവും സമഭാവനയുമാണ് ഭാരത സംസ്കാരത്തിന്റെ ആത്മാവ്: ആർച്ച് ബിഷപ്പ് ജോസഫ് പെരുന്തോട്ടം



കുറുമ്പനാടം: ഐക്യവും സമഭാവനയുമാണ് ഭാരത സംസ്കാരത്തിന്റെ ആത്മാവെന്ന് ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ നടത്തിയ സമുദായ, രാഷ്ട്രീയ, മതസൗഹാർദ, സാംസകാരിക സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ആർച്ച് ബിഷപ്പ് . ഒന്നിപ്പിന്റെ ചൈതന്യം തകർക്കുന്ന ഛിദ്രശക്തികൾ മതങ്ങളിലും രാഷ്ട്രീയ പാർട്ടികളിലും സമുദായ സംഘടനകളിലും മാധ്യമ രംഗത്തും ഒക്കെ കടന്നു കയറി സമ്മർദം സൃഷ്ടിക്കുന്നുണ്ട്. അസത്യം സത്യമെന്നു തോന്നുന്ന വിധത്തിൽ അവതരിപ്പിക്കപ്പെടുന്ന മാധ്യമമേഖലയെക്കുറിച്ചും നാം ജാഗ്രത പുലർത്തണമെന്നും ആർച്ച് ബിഷപ്പ് കൂട്ടിച്ചേർത്തു.

# താപനില ഉയരുന്നു; 10 ജില്ലകളിൽ യെല്ലോ അലർട്ട്



പത്തനംതിട്ട : കേരളത്തിൽ ഇന്നും താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇതേതുടർന്ന് പത്ത് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. പത്തു ജില്ലകളിൽ താപനില രണ്ടു മുതൽ നാലു ഡിഗ്രി സെൽഷ്യസ് വരെ കൂടാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. പാലക്കാട്, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലാണ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചത്. ഉയർന്ന താപനില സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം എന്നീ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വ്യക്തമാക്കി.

## നിത്യതയിൽ



വളഞ്ഞവട്ടം : ഐ. പി. സി കേരള സ്റ്റേറ്റ് പി. വൈ. പി. എ കൗൺസിൽ മെമ്പറും, കേരള സ്റ്റേറ്റ് സൺഡേസ്കൂൾ പവർ വി. ബി. സ് സ്റ്റേറ്റ് കോഡിനേറ്റർ ആയിരിക്കുന്ന വിൽജി തോമസ് വളഞ്ഞവട്ടത്തിന്റെ പിതാവ് തോമസ്. റ്റി. സ് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം വ്യാഴാഴ്ച 14/03/2024 രാവിലെ 9 മണിക്ക് ഐ. പി സി ബഥേൽ വളഞ്ഞവട്ടം സഭയിൽ ശുശ്രൂഷയ്ക്ക് ശേഷം 1 മണിക്ക് ഐ. പി സി ബഥേൽ വളഞ്ഞവട്ടം
സെമിത്തേരിയിൽ
ഭാര്യ : കുഞ്ഞുമോൾ (ചിന്നിവിള പത്തനാപുരം)
മക്കൾ : ലിജി (നേഴ്സ് സൗദി), വിൽജി
മരുമകൻ : മഹേഷ് എബ്രഹാം (പുതുപ്പള്ളി ആക്കംകുന്നേൽ )






തയ്യാറാക്കിയത്:
സിസ്റ്റർ ബെറ്റ്സി ബിനു

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: എബ്രായർ 4 - 8**

1. ആരാണ് സ്വസ്ഥതയിൽ പ്രവേശിക്കുന്നത്?
2. നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവൻ ആര്?
3. ദീർഘക്ഷമയോടിരുന്നു വാഗ്ദത്തവിഷയം പ്രാപിച്ചവൻ ആര്?
4. ആർക്കാണ് അബ്രാഹാം സകലത്തിലും പത്തിലൊന്നു കൊടുത്തു?
5. ന്യായപ്രമാണം ഇസ്രായേൽ ഗ്രഹത്തിന്റെ ഉള്ളിലാക്കി എവിടെ ആണ് എഴുതിയത്?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. ദൂതന്മാരെക്കാൾ (എബ്രാ 2:7)
2. അബ്രാഹാമിന്റെ (എബ്രാ 2:16)
3. മോശെ (എബ്രാ 3:2)
4. യേശു (എബ്രാ 3:3)
5. ആദ്യവിശ്വാസം (എബ്രാ 3:14)






CHRISTIAN LIVE DAILY
13 MARCH 2024
VOL 03
ISSUE 072 | 771
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220




PUBLISHED BY ON BEHALF OF CHRISTIANLIVE MEDIA INTERNATIONAL PVT. LTD., MOB : +91 98465 52220